# രാഷ്ട്രീയത്തിൽ ആത്മീയ കലാപം

വി.എ കബീർ

**പ്രവാചകന്റെ** ദൗത്യത്തിൽ രാഷ്ട്രീയമായ ഉള്ളടക്കം ഉണ്ടായിരുന്നോ? ഉടനീളം സമരനിർഭരമായ ആ ജീവിതം പരിശോധിച്ചാൽ ഇങ്ങനെയൊരു ചോദ്യത്തിന് തന്നെ പ്രസക്തി കാണില്ല. സമൂഹവുമായി കെട്ടുപാടുകളില്ലാത്ത കുറേ ആത്മീയ ജീവികളെ ഉണ്ടാക്കിക്കൂട്ടുകയായിരുന്നില്ല തിരുമേനിയുടെ ലക്ഷ്യം. നിലവിലുള്ള സാമൂഹിക വ്യവസ്ഥിതിയെ ഉടച്ചുവാർത്ത് ഒരു നവ സമൂഹനിർമിതിക്ക് വേണ്ടിയുള്ള പോരാട്ടമായിരുന്നു ആ മഹദ്ജീവിതമെന്ന് പ്രവാചകന്റെ ജീവചരിത്രം പരിശോധിക്കുമ്പോൾ കരതലാമലകം പോലെ വ്യക്തമാകുന്നു. തെമ്മാടികളുടെ അഭയകേന്ദ്രമായി രാഷ്ട്രീയത്തെ വിട്ടുകൊടുക്കാൻ അദ്ദേഹം തയാറായില്ല. രാഷ്ട്രീയത്തിന് ആധ്യാത്മികമായ ഉള്ളടക്കം നൽകിക്കൊണ്ട് വ്യവസ്ഥിതിയെ വിമലീകരിച്ചു എന്നേക്കും മാതൃകയായ ഒരു സമൂഹത്തെ അദ്ദേഹം വാർത്തെടുത്തു. രാഷ്ട്രീയത്തിൽ ഒരു ആത്മീയകലാപം എന്ന് അതിനെ വിശേഷിപ്പിക്കാവുന്നതാണ്.

ഈ ആത്മീയ കലാപകാരിയുടെ പ്രബോധനത്തിൽ അന്തർലീനമായിരിക്കുന്ന രാഷ്ട്രീയ വിപത്തുകളെ സംബന്ധിച്ച് മക്കയിലെ ഗോത്രമേധാവികൾ ബോധവാന്മാരായിരുന്നു. ഗോത്രമേധാവിത്വത്തിന്റെ അടിവേരുകൾ പിഴുതെറിയുന്ന ഒരു ചുഴലിക്കാറ്റിന്റെ ചൂളംവിളി ആ പ്രബോധനത്തിൽ മുഴങ്ങിക്കൊണ്ടിരുന്നത് അവരുടെ കാതുകളെ അലോസരപ്പെടുത്തിയിരുന്നു. അതിൽ ആകൃഷ്ടരായ അടിയാള വർഗത്തിന്റെ മിഴികളിലെ വിമോചന സ്വപ്നത്തിന്റെ അഗ്നിനാളങ്ങൾ അവരെ ഭയപ്പെടുത്തിയിരുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന സത്യസാക്ഷ്യവചനത്തിൽ ഗോത്രവാഴ്ചയുടെയും അടിമ– ഉടമ ബന്ധത്തിലധിഷ്ഠിതമായ സാമ്പത്തിക ചൂഷക വ്യവസ്ഥിതിയുടെയും തകർച്ചയുടെ ശബ്ദം കൂടിയായിരുന്നു അവർ കേട്ടിരുന്നത്.

ഉദ്ദിഷ്ടമായ സാമൂഹിക പരിവർത്തനത്തിന്റെ സൂചനകൾ പ്രവാചകന്റെ മക്കാജീവിതത്തിൽതന്നെ സ്പഷ്ടമായിരുന്നു. ഉത്ബ, ശൈബ, അബൂജഹ്ൽ, അബൂസുഫ്യാൻ തുടങ്ങിയ ഖുറൈശി പ്രമുഖർ പ്രവാചകന് സംരക്ഷണം നൽകിയിരുന്ന പിതൃവ്യൻ അബൂത്വാലിബിനെ സമീപിച്ചുകൊണ്ട് പ്രവാചകനുമായി ഒരു അനുരഞ്ജനത്തിന് ശ്രമിക്കുകയുണ്ടായി. അപ്പോൾ പ്രവാചകൻ അവരോടു പറഞ്ഞ മറുപടി ഇതായിരുന്നു: നിങ്ങളോട് എനിക്കാവശ്യപ്പെടാനുള്ളത് ഒറ്റ വാക്കാണ്. നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുക. നിങ്ങൾ ആരാധിക്കുന്ന ദൈവേതര ശക്തികളെ കൈവെടിയുക. എങ്കിൽ അറബികളും അജമികളും (അറബേതരർ) നിങ്ങൾക്ക് കീഴ്പ്പെടും.

## ദൈവിക പരമാധികാരം

അധികാരം അധികാരത്തിന് വേണ്ടി എന്ന ഭൗതിക സങ്കൽപമായിരുന്നില്ല അപ്പോഴും പ്രവാചകനുണ്ടായിരുന്നത്. സാമൂഹിക ജീവിതത്തിൽ ദൈവത്തിന്റെ പരമാധികാരം സ്ഥാപിക്കുക എന്നതായിരുന്നു അടിസ്ഥാന ലക്ഷ്യം. അതിന്റെ കീഴിലുള്ള പ്രാതിനിധ്യ ഭരണം വിശ്വാസികളുടെ കൂട്ടായ്മ പങ്കിടുന്നതാണ്. അല്ലാതെ ഏതെങ്കിലും ഗോത്രത്തിന്നോ വിഭാഗങ്ങൾക്കോ സംവരണം ചെയ്യപ്പെടുന്നതല്ല. ഈ വസ്തുത വ്യക്തമാക്കാൻ പ്രവാചകൻ വിട്ടുപോയിട്ടില്ല. ആമിർ ഇബ്നു സ്വഅ്സ്വഅ ഗോത്രത്തിന്റെ മുമ്പാകെ പ്രവാചകൻ ദൈവിക സന്ദേശം സമർപ്പിച്ചപ്പോൾ അവർ ചോദിക്കുകയുണ്ടായി: "ഞങ്ങൾ ഈ സന്ദേശം സ്വീകരിച്ചാൽ താങ്കൾക്ക് അധികാരം കൈവരുമ്പോൾ ഞങ്ങൾക്ക് അതിലുള്ള പങ്ക് എന്തായിരിക്കും?" പ്രവാചകന്റെ മറുപടി ഇതായിരുന്നു: ''അധികാരം തീർത്തും അല്ലാഹുവിന്നുള്ളതാണ്. ഉദ്ദേശിക്കുന്നിടത്ത് അവൻ അത് പ്രതിഷ്ഠിക്കും.'' ഇതുകേട്ട ആമിർ ഗോത്രം ''ഞങ്ങൾ താങ്കളിൽ വിശ്വസിച്ചു സഹായം നൽകുക, എന്നിട്ട് അതിന്റെ ലാഭം മറ്റുള്ളവർ കൊണ്ടുപോവുക– ഇങ്ങനെയൊരു ഇടപാടിന് ഞങ്ങളില്ല" എന്നു പറഞ്ഞുകൊണ്ട് ഒഴിഞ്ഞുമാറുകയാണുണ്ടായത്.

ഈ സംഭവം രണ്ട് വസ്തുതകളിലേക്ക് വെളിച്ചം വീശുന്നു. ഒന്ന്, പ്രവാചകന്റെ പ്രസ്ഥാനത്തിലൂടെ സംജാതമാവാൻ പോകുന്ന അധികാര കൈമാറ്റത്തെക്കുറിച്ചു ആ ജനത ബോധവാന്മാരായിരുന്നു. രണ്ട്, അധികാരഭോഗം ലക്ഷ്യമാക്കുന്ന അനുയായിവൃന്ദത്തെയായിരുന്നില്ല, ജീവിതം ദൈവിക പരമാധികാരത്തിന്ന് സമർപ്പിക്കാൻ സന്നദ്ധരായ ധർമയോദ്ധാക്കളെയായിരുന്നു പ്രവാചകൻ തേടിയിരുന്നത്.

## വിജയത്തെക്കുറിച്ച ആത്മവിശ്വാസം

ദൈവിക സന്ദേശത്തിന്റെ പ്രചാരണത്തിനിടയിൽ ഈ സന്ദേശം സ്വീകരിക്കുക വഴി മരണാനന്തരമുള്ള വിജയസൗഭാഗ്യങ്ങൾ മാത്രമായിരുന്നില്ല പ്രവാചകൻ പ്രബോധനം ചെയ്തിരുന്നത്. ജീവിതത്തിൽ ദൈവത്തിന്റെ പരമാധികാരം സ്ഥാപിക്കാനുള്ള യജ്ഞത്തിനിടയിൽ അതുവഴി കരഗതമാവാനിരിക്കുന്ന ക്ഷേമസമ്പൂർണമായ ഒരു വ്യവസ്ഥിതി കൂടി വാഗ്ദാനം ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രബോധനം. അദിയ്യ് ഇബ്നു ഹാതിം പറയുന്നു: ഞാൻ പ്രവാചകന്റെ സന്നിധിയിലിരിക്കെ പട്ടിണിയെ ചൊല്ലി ആവലാതിപ്പെട്ടുകൊണ്ട് ഒരാൾ വന്നു. പിന്നീട് കൊള്ളക്കാരെക്കുറിച്ചുള്ള ആവലാതിയുമായി വേറൊരാളും വന്നു. അപ്പോൾ ഹീറ കണ്ടിട്ടുണ്ടോ എന്ന് പ്രവാചകൻ എന്നോടു ചോദിച്ചു. കണ്ടിട്ടില്ലെങ്കിലും കേട്ടിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു:

'നീ കുറച്ചുകാലം കൂടി ജീവിച്ചിരിക്കുകയാണെങ്കിൽ ഒട്ടകപ്പല്ലക്കിലേറിയ ഒരു സ്ത്രീ ഹീറയിൽനിന്ന് നിർഭയയായി യാത്രചെയ്തുവന്ന് കഅ്ബ ത്വവാഫ് ചെയ്യുന്നത് നിനക്ക് കാണാനാകും. അല്ലാഹു ഒഴികെ ഒരു ശക്തിയെയും അവൾക്ക് ഭയപ്പെടേണ്ടിവരില്ല. നീ ഇനിയും ജീവിക്കുകയാണെങ്കിൽ കിസ്റായുടെ ഭണ്ഡാരങ്ങൾ തുറന്നെടുക്കാൻ നിനക്ക് കഴിയും.' 'ഹുർമുസിന്റെ പുത്രൻ കിസ്റയുടെയോ?' ഞാൻ ചോദിച്ചു. 'അതെ, ഹുർമുസിന്റെ പുത്രൻ കിസ്റ തന്നെ.' അദിയ്യ് തുടരുന്നു: ഒട്ടകപ്പല്ലക്കിലേറിയ സ്ത്രീ ഹീറയിൽനിന്ന് നിർഭയം യാത്ര ചെയ്തുവന്ന് കഅ്ബാലയം പ്രദക്ഷിണം ചെയ്യുന്നത് എന്റെ ജീവിത കാലത്ത് തന്നെ എനിക്ക് കാണാൻ കഴിഞ്ഞു. കിസ്റയുടെ ഭണ്ഡാരം തുറന്നവരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു.

ഈ സംഭവത്തിലെ സൂചനകൾ വ്യക്തമാണ്. ആത്മീയമായ വിശപ്പകറ്റുക മാത്രമായിരുന്നില്ല, ഭൗതികമായ പട്ടിണി മാറ്റുക കൂടി തന്റെ ദൗത്യത്തിന്റെ ഭാഗമായി പ്രവാചകൻ കണ്ടിരുന്നു. അശാന്തി നിറഞ്ഞ ആ സമൂഹത്തിൽ രാഷ്ട്രീയ ഭദ്രതയും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് ആത്മീയ ജീവിതത്തിന്റെ തന്നെ ആവശ്യമാണ്. കഅ്ബയുടെ പ്രശാന്തിയിലേക്കുള്ള പാത തന്നെയാണത്.

ഇസ്‌ലാം മക്കയിൽ ഏറ്റവും കഠിനമായ പരീക്ഷണങ്ങൾ നേരിടുന്ന സന്ദർഭത്തിലാണ് പ്രവാചകന്റെ ഈ സുവിശേഷമെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സ്വന്തം ദൗത്യത്തിന്റെയും പരിപാടികളുടെയും വിജയത്തെക്കുറിച്ചുള്ള ആത്മവിശ്വാസവും ദൃഢനിശ്ചയവും ഈ വാക്കുകളിൽ സ്ഫുരിക്കുന്നു. ഈ ഗുണത്തിന്റെ അഭാവത്തിൽ ഒരു രാഷ്ട്രീയ നേതാവിന് വിജയം കണ്ടെത്തുക പ്രയാസകരമായിരിക്കും. ഏറ്റവും രൂക്ഷമായ പ്രതിസന്ധികളിൽപോലും അനുയായികളുടെ മനസ്സുകളിൽപോലും പ്രതീക്ഷയുടെ സ്വപ്നങ്ങൾ വിരിയിച്ച് മുന്നോട്ടു നയിക്കുന്നതിൽ പ്രവാചകൻ അസാധാരണമായ മിടുക്ക് പ്രകടിപ്പിക്കുകയുണ്ടായി.

## തികവുറ്റ ഗുണങ്ങൾ

രാഷ്ട്രീയ നേതാവിന്റെ വിജയം അയാളുടെ സ്വഭാവഗുണങ്ങളെ ആസ്പദിച്ചാണ് നിൽക്കുന്നത്. സ്വഭാവഗുണങ്ങൾ എന്ന് പറയുമ്പോൾ ഇവിടെ ഉദ്ദേശിക്കുന്നത് ധാർമിക ഗുണങ്ങൾ മാത്രമല്ല; ധാർമിക ഗുണങ്ങളെ സംബന്ധിച്ചിടത്തോളം ആജ്ഞശയുടെ ഭാഷയിൽ പ്രവാചകൻ ഖുർആന്റെ പകർപ്പുതന്നെയായിരുന്നു. അതിലാർക്കും തർക്കമില്ല. പക്ഷേ, ഇമ്മട്ടിലുള്ള സാത്വിക ശുദ്ധിയുണ്ടെന്നു വെച്ച് ഒരാൾ രാഷ്ട്രീയ മേഖലയിൽ വിജയിച്ചുകൊള്ളണമെന്നില്ല. പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അവസരോചിതം യുക്തിയുക്തമായ നയോപായങ്ങൾ സ്വീകരിക്കാനുള്ള സിദ്ധിവിശേഷങ്ങളാണ് ഇവിടെ ഏറെ ആവശ്യം. പ്രവാചകന്റെ ജീവചരിത്രം പരിശോധിച്ചാൽ വേണ്ടുവോളം ഈ ഗുണങ്ങൾകൊണ്ടനുഗൃഹീതനായിരുന്നു തിരുമേനി എന്നു കാണാവുന്നതാണ്. പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനുള്ള ആ അസാധാരണ പാടവം പ്രവാചകത്വ ലബ്ധിക്കുമുമ്പുതന്നെ തിരുമേനിയിൽ തെളിഞ്ഞുനിന്നിരുന്നു. കഅ്ബയുടെ പുനർനിർമാണാനന്തരം ഹജറുൽ അസ്‌വദ് പുനഃപ്രതിഷ്ഠയുടെ അവകാശത്തെച്ചൊല്ലി ഖബീലകൾക്കിടയിൽ നടന്ന തർക്കം പരിഹരിച്ചത് ഉദാഹരണം. എല്ലാ ഗോത്രശാഖകളുടെയും നേതാക്കളെക്കൊണ്ട്, പുണ്യശില വെച്ച വിരിപ്പ് പൊക്കിച്ചു കൊണ്ട് എല്ലാവർക്കും അതിൽ ഭാഗഭാഗിത്വം നൽകിയ പ്രവാചകൻ എത്ര മനോഹരമായാണ് അവർക്കിടയിലെ വൻ തർക്കത്തിൽ തീർപ്പ് കണ്ടെത്തിയത്. പിൽക്കാലത്തെ പ്രബോധന ജീവിതത്തിലുടനീളം ആ പ്രത്യുൽപന്നമതിത്വത്തിന്റെ സഹസ്രകിരണ ശോഭ കാണാം. വിജയമുറപ്പിക്കുന്ന അളന്ന് മുറിച്ചുകൊണ്ടുള്ള രാഷ്ട്രീയ നീക്കങ്ങളിൽ അത് സവിശേഷം പ്രകടമാണ്.

## രാഷ്ട്രീയോദ്ഗ്രഥനം

ചിന്താപരമായ ഏകീഭാവവും അച്ചടക്കവും ആദർശഭദ്രതയുമുള്ള ഒരു സമൂഹത്തെ വാർത്തെടുത്തു കൊണ്ട് ജനതയെ ഏകീകരിക്കാനുള്ള കഴിവാണ് ഒരു രാഷ്ട്രീയ നേതാവിനുണ്ടായിരിക്കേണ്ട പ്രാഥമിക ഗുണം. ഈ ദൗത്യനിർവഹണത്തിൽ പ്രവാചകൻ പൂർണമായും വിജയിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ ആഗമനത്തിനു മുമ്പുള്ള അറേബ്യയുടെ സാമൂഹികാവസ്ഥ മുമ്പിൽവച്ചു ചിന്തിച്ചാൽ ഈ രംഗത്ത് പ്രവാചകൻ നേടിയ വിജയത്തിന്റെ തിളക്കം എളുപ്പം ഗ്രഹിക്കാവുന്നതാണ്. പരസ്പരം പോരടിക്കുന്ന ഗോത്രങ്ങളുടെ അരാജകവാഴ്ചയായിരുന്നു പ്രാഗ് ഇസ്‌ലാമിക ഘട്ടത്തിൽ അറേബ്യയിൽ നിലവിലുണ്ടായിരുന്നത്. ഇരുപത്തിമൂന്ന് വർഷത്തെ പ്രവാചക ദൗത്യത്തിന്റെ ഹ്രസ്വകാലത്തിനിടയിൽ ഗോത്രവാഴ്ചയുടെ വേരറുത്ത് ആദർശപാശത്തിൽ കോർത്തിണക്കിയ ഒരു രാഷ്ട്രീയ ഘടന ആ സമൂഹത്തിന് പകർന്നു കൊടുക്കാൻ പ്രവാചകന് സാധിച്ചു. മക്കാ വിജയാനന്തരം അറേബ്യയുടെ നാനാ ഭാഗങ്ങളിൽനിന്നും തീർഥാടനത്തിനെത്തിയ വ്യത്യസ്ത ഗോത്രങ്ങളിലെ ജനസഹസ്രങ്ങളെ സാക്ഷിനിർത്തി തിരുമേനി പ്രഖ്യാപിച്ചു: 'ഇന്നുമുതൽ ജാഹിലിയ്യത്തിന്റേതായ എല്ലാ ഗോത്രദുരഭിമാനങ്ങളും എന്റെ കാലിന്നടിയിൽ ഞാനിതാ ചവിട്ടിത്തേച്ചിരിക്കുന്നു. അറബിക്ക് അനറബിയെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ മറിച്ചോ, യാതൊരു ശ്രേഷ്ഠതയുമില്ല; ദൈവഭക്തിയുടെ മാനദണ്ഡത്തിലല്ലാതെ. നിങ്ങളെല്ലാം ആദമിന്റെ മക്കൾ, ആദമോ മണ്ണിൽനിന്ന്. ദേശത്തിന്റെയും വർഗങ്ങളുടെയും കൃത്രിമമായ അതിർവരമ്പുകൾ ഭേദിക്കുന്ന വിശ്വമാനവികതയുടെ വിളംബരമായിരുന്നു അത്. ചരിത്രത്തിന്റെ ചക്രവാളത്തിൽ പുതിയൊരു രാഷ്ട്രീയ ശക്തിയുടെ ഉദയം. അക്കാലത്തെ സാമ്രാജ്യ ശക്തികളായ റോമയെയും പേർഷ്യയെയും പരാജയപ്പെടുത്തി, ചരിത്രത്തിൽ ഒന്നുമല്ലാതിരുന്ന ഒരു ജനത പിന്നീട് ചരിത്രത്തിന്റെ വിധാതാക്കളായി മാറി. ഈ മാറ്റത്തിന്റെ പിന്നിലെ യഥാർഥ ശക്തി പ്രവാചകന്റെ രാഷ്ട്രീയ

**ആത്മീയമായ വിശപ്പകറ്റുക മാത്രമായിരുന്നില്ല, ഭൗതികമായ പട്ടിണിമാറ്റുക കൂടി തന്റെ ദൗത്യത്തിന്റെ ഭാഗമായി പ്രവാചകൻ കണ്ടിരുന്നു. അശാന്തിനിറഞ്ഞ ആ സമൂഹത്തിൽ രാഷ്ട്രീയ ഭദ്രതയും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് ആത്മീയ ജീവിതത്തിന്റെ തന്നെ ആവശ്യമാണ്. കഅ്ബയുടെ പ്രശാന്തിയിലേക്കുള്ള പാത തന്നെയാണത്.**

വ്യക്തിത്വമായിരുന്നു. ആസൂത്രിതമായ ചുവടുവയ്പുകളിലൂടെ അദ്ദേഹം ആദ്യമായി അറേബ്യയുടെ രാഷ്ട്രീയോദ്ഗ്രഥനം സാധിച്ചെടുത്തു. ആ പുതിയ നാഗരികതയുടെ നാന്ദികുറിക്കപ്പെടുന്നത് ഹിജ്റയിലൂടെയാണ്.

## യസ്രിബിലെ നഗരരാഷ്ട്രം

മക്കയിലെ പ്രബോധന ജീവിതത്തിൽ കഠിനമായ പരീക്ഷണം നേരിട്ടപ്പോൾ തനിക്കും തന്റെ അനുയായികൾക്കും പിന്തുണ നൽകുന്ന ഒരു ശക്തിയെ തേടിനടക്കുകയായിരുന്നു പ്രവാചകൻ. ത്വാഇഫിലെ ഖബീലകളെ സമീപിച്ചെങ്കിലും ദൈവിക സന്ദേശം തിരസ്കരിച്ച അവർ പ്രവാചകനെ മർദിച്ചവശനാക്കുകകൂടി ചെയ്തു. ദൈവിക സന്ദേശത്തിന്റെ നിർബാധമായ പ്രചാരണത്തിനും അനുയായികളുടെ ശിക്ഷണത്തിനും സ്വതന്ത്രമായൊരു അന്തരീക്ഷം അത്യാവശ്യമായിരുന്നു. അങ്ങനെയാണ് പ്രവാചകൻ യസ്രിബിൽ അഭയം കണ്ടെത്തിയത്. പെട്ടെന്നൊരു ദിവസം അഭയം തേടി യസ്രിബിലെത്തുകയായിരുന്നില്ല പ്രവാചകൻ. മുമ്പേ നടത്തിയ തന്ത്രപൂർവമായ കരുനീക്കങ്ങളുടെ സ്വാഭാവികമായ പരിണാമമായിരുന്നു ഹിജ്റ. യസ്രിബിലെ ഖബീലകളുമായി മുമ്പുതന്നെ പ്രവാചകൻ ചില രഹസ്യ ഉടമ്പടികളിലെത്തിച്ചേർന്നിരുന്നു. യസ്രിബിലെ ഗോത്ര പ്രതിനിധികളുമായി അഖബയിൽവെച്ച് രണ്ടുതവണ പ്രവാചകൻ ഉടമ്പടികളിലേർപ്പെടുകയുണ്ടായി. യസ്രിബിന്റെ സാമൂഹിക-സാമ്പത്തിക ഘടനകൾ നന്നായി പഠിച്ചു മനസ്സിലാക്കിയ ശേഷമാണ് പ്രവാചകൻ അങ്ങോട്ടു പലായനം ചെയ്തതെന്ന് തുടർന്നുള്ള അദ്ദേഹത്തിന്റെ നടപടികൾ സ്പഷ്ടമാക്കുന്നുണ്ട്.

ജൂതന്മാർ യസ്രിബിലെ മുഖ്യ ശക്തികളിലൊന്നായിരുന്നു. ജൂതഗോത്രങ്ങൾക്കു പുറമെ ഔസ്, ഖസ്റജ് എന്നീ രണ്ടു ഗോത്രങ്ങൾക്കായിരുന്നു യസ്രിബിൽ സ്വാധീനമുണ്ടായിരുന്നത്. പണ്ടേക്കുപണ്ടേ കുടിപ്പക വച്ചുപുലർത്തുന്നവയായിരുന്നു ഔസും ഖസ്റജും ഗോത്രങ്ങൾ. ആ കുടിപ്പക അവസാനിപ്പിക്കാൻ കഴിഞ്ഞു എന്നതാണ് പ്രവാചകന്റെ ആദ്യത്തെ രാഷ്ട്രീയ വിജയം. മാത്രമല്ല, അവരുടെ കൂട്ടായ ശക്തിയായിക്കൊണ്ടാണ് ഇസ്ലാം യസ്രിബിൽ പ്രവേശിക്കുന്നത്.

## ഭരണഘടന

പരസ്പരം ഇണങ്ങിക്കഴിഞ്ഞ ഔസ് ഖസ്റജ് ഗോത്രങ്ങളെയും യസ്രിബിലെ ജൂതന്മാരെയും അഭയാർഥികളെയും രാഷ്ട്രീയമായി ഉദ്ഗ്രഥിക്കാൻ ഒരു ഭരണഘടനക്ക് രൂപകൽപന നൽകുകയായിരുന്നു പ്രവാചകന്റെ അടുത്ത നടപടി. എല്ലാവരെയും ഉൾപ്പെടുത്തുന്ന ഒരു രാഷ്ട്രീയ ഉടമ്പടി അധികം താമസിയാതെ നടപ്പിലാക്കപ്പെട്ടു. യസ്രിബിലെ മുസ്ലിംകളും (അൻസാറുകൾ), മക്കയിൽനിന്നുള്ള അഭയാർഥികളും (മുഹാജിറുകൾ) യസ്രിബിലെ ജൂതന്മാരും 'ഒറ്റ ജനത' (ഉമ്മത്തുൻ വാഹിദ്) ആയിരിക്കുമെന്ന് ഈ ഭരണഘടനയിലെ ആദ്യഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുള്ളത് നമ്മുടെ സവിശേഷ ശ്രദ്ധയർഹിക്കുന്നു. യസ്രിബിനെതിരിലുള്ള വിദേശാക്രമണങ്ങളെയും ഗൂഢാലോചനകളെയും ഒറ്റക്കെട്ടായി ചെറുക്കാൻ ഈ ഉടമ്പടിയിൽ ഒപ്പുവെച്ച കക്ഷികൾ ബാധ്യസ്ഥരായിരുന്നു. പ്രവാചകന്റെ രാഷ്ട്രീയ നയകൗശലത്തിന്റെ മകുടോദാഹരണമായ ഈ ഭരണഘടന ഗോത്രവാഴ്ചയുടെ കടവേരിന് കത്തിവെച്ചു. ആധുനിക പൗരത്വ സങ്കൽപം വളരെ മുമ്പുതന്നെ പ്രവാചകൻ യസ്രിബിൽ നടപ്പിലാക്കി കാണിച്ചു. ജൂതന്യൂനപക്ഷങ്ങൾക്ക് പൂർണമായി വിശ്വാസ സ്വാതന്ത്ര്യവും അനുഷ്ഠാന സ്വാതന്ത്ര്യവും ഉറപ്പുനൽകുന്നതായിരുന്നു ഈ ഭരണഘടന എന്നതും പ്രത്യേകം എടുത്തോതേണ്ടതുണ്ട്. എല്ലാ തർക്കങ്ങളുടെയും അന്തിമ വിധിതീർപ്പ് പ്രവാചകന്നായിരിക്കുമെന്നും അതിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. ഇസ്ലാമിന്റെ രാഷ്ട്രീയമേൽക്കോയ്മ ഉറപ്പുവരുത്തുകയായിരുന്നു പ്രവാചകൻ ഇതിലൂടെ. അങ്ങനെ യസ്രിബ് എല്ലാ അർഥത്തിലും 'പ്രവാചകന്റെ നഗരം' (മദീനത്തുന്നബി) ആയിത്തീർന്നു. ചരിത്രത്തിൽ യസ്രിബിന് പകരം മദീന എന്ന പേർ സ്ഥിരപ്രതിഷ്ഠ നേടി.

അറേബ്യൻ ഉപദ്വീപിൽ ഉയർന്നുവന്ന ഈ കൊച്ചുനഗര രാഷ്ട്രത്തിന്റെ പരമാധികാരിയായിരുന്നിട്ടും ആ സ്ഥാനം ഉപയോഗപ്പെടുത്തേണ്ട ഘട്ടങ്ങൾ വന്നപ്പോൾ പ്രവാചകൻ മികച്ച രാഷ്ട്രീയ വിവേകം പ്രകടിപ്പിക്കുകയുണ്ടായി. സ്വയം അംഗീകരിച്ച ഭരണഘടനക്ക് വിരുദ്ധമായി ശത്രുപക്ഷത്ത് ചേർന്ന് ദേശദ്രോഹം പ്രവർത്തിച്ച ജൂതഗോത്രമായ ബനൂ ഖുറൈളക്കെതിരെ സ്വയം വിധി പ്രഖ്യാപിക്കുകയല്ല പ്രവാചകൻ ചെയ്തത്. ഗോത്രപരമായ കെട്ടുപാടുകളുടെ അവശേഷിപ്പുകൾ നിലനിൽക്കുന്ന ഒരു നവജാത രാഷ്ട്രത്തിൽ അമ്മട്ടിലുള്ള നടപടികൾ സൃഷ്ടിച്ചേക്കാനിടയുള്ള രാഷ്ട്രീയ പ്രത്യാഘാതങ്ങളെക്കുറിച്ച് പ്രവാചകൻ ബോധവാനായിരുന്നു. അതിനാൽ ബനൂഖുറൈളയുടെ പൂർവിക സഖ്യഗോത്രമായ ഔസിന്റെ നേതാവ് സഅ്ദുബ്നു ഉബാദയെ അവരുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ ഭരമേൽപിക്കുകയാണുണ്ടായത്. അദ്ദേഹമാവട്ടെ രാജ്യദ്രോഹത്തിനുള്ള കൂടിയ ശിക്ഷ അവരിൽ നടപ്പാക്കുകയും ചെയ്തു.

ഇസ്ലാമിന്റെ രാഷ്ട്രീയമായ ആഗമനം മദീനയിലെ ജൂതഗോത്രങ്ങൾക്ക് പൊറുപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. മുസ്ലിംകളെ തീർത്തും പരാജയപ്പെടുത്താൻ സാധ്യത കണ്ട സന്ദർഭങ്ങളിലൊന്നും ശത്രുപക്ഷത്ത് ചേരാൻ അവർ മടിച്ചില്ല. എന്നാൽ ഈ ആഭ്യന്തര വിഘടനശക്തികളെ യാതൊരു രാഷ്ട്രീയ പ്രത്യാഘാതങ്ങൾക്കുമിടംനൽകാതെ ഹ്രസ്വ കാലത്തിനുള്ളിൽ മദീനയുടെ രാഷ്ട്രീയ ഭൂപടത്തിൽനിന്ന് എന്നെന്നേക്കുമായി മായ്ച്ചുകളയാൻ പ്രവാചകന് സാധിച്ചു.

## രചനാത്മക സമീപനങ്ങൾ

അടിയന്തര പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കണ്ടെത്തുക

**സാത്വിക ശുദ്ധിയുണ്ടെന്നുവെച്ച് ഒരാൾ രാഷ്ട്രീയ മേഖലയിൽ വിജയിച്ചുകൊള്ളണമെന്നില്ല. പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അവസരോചിതം യുക്തിയുക്തമായ നയോപായങ്ങൾ സ്വീകരിക്കാനുള്ള സിദ്ധിവിശേഷങ്ങളാണ് ഇവിടെ ഏറെ ആവശ്യം. പ്രവാചകന്റെ ജീവചരിത്രം പരിശോധിച്ചാൽ വേണ്ടുവോളം ഈ ഗുണങ്ങൾകൊണ്ടനുഗൃഹീതനായിരുന്നു തിരുമേനി എന്നു കാണാവുന്നതാണ്. പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനുള്ള ആ അസാധാരണ പാടവം പ്രവാചകത്വലബ്ധിക്കുമുമ്പുതന്നെ തിരുമേനിയിൽ തെളിഞ്ഞുനിന്നിരുന്നു.**

എന്നത് ഒരു രാഷ്ട്രീയ നേതാവിനുണ്ടായിരിക്കേണ്ട മൗലിക ഗുണങ്ങളിലൊന്നത്രെ. പ്രവാചകന്റെ രാഷ്ട്രീയ ജീവിതത്തിൽ ഇതിന് നിദർശകമായ ഒട്ടേറെ സംഭവങ്ങൾ കാണാവുന്നതാണ്. മദീനയിൽ അഭയാർഥികളായെത്തിയവരുടെ പുനരധിവാസം തന്നെ എടുക്കുക. എത്ര എളുപ്പത്തിലാണ് പ്രവാചകൻ അത് പരിഹരിച്ചത്! മദീനാവാസികളായ അൻസാറുകളും മക്കയിൽനിന്നെത്തിയ മുഹാജിറുകളും തമ്മിൽ ഒരു മൈത്രികരാറിന് പ്രവാചകൻ രൂപം നൽകി. തദനുസാരം ഓരോ മുഹാജിറും ഓരോ അൻസാരിയുടെ സംരക്ഷണത്തിലായി. സ്റ്റേറ്റിന്റെ ഭാരം ലഘൂകരിച്ച ഈ നടപടി നിയമത്തിന്റെ ഔപചാരിക ശുഷ്കതയിലേക്ക് ചുരുങ്ങിപ്പോകാതെ വ്യക്തിബന്ധത്തിന്റെ ഊഷ്മളതയിലൂടെ അനുപമമായ മാനം നേടി. ഓരോ മദീനാവാസിയും അവനവന് കിട്ടിയ അഭയാർഥിയെ രക്തബന്ധത്തിൽ പിറന്ന സഹോദരനെക്കാൾ സ്നേഹിച്ചു. തങ്ങളുടെ സർവസ്വത്തുക്കളും ഈ പുതിയ സഹോദരന് കൂടി അവർ പകുത്തുകൊടുത്തു. ചരിത്രത്തിൽ ഇമ്മട്ടിലൊരു ആദർശ സ്നേഹത്തിന് മറ്റൊരു മാതൃക കണ്ടെത്താൻ കഴിയുകയില്ല. ആ സ്നേഹോദാരമായ പെരുമാറ്റത്തിൽ അത്ഭുതപ്പെട്ടുകൊണ്ട് മുഹാജിറുകൾ തന്നെ പ്രവാചകനോടു പറയുകയുണ്ടായി. "അല്ലാഹുവിന്റെ ദൂതരേ! ഏറ്റവും നിസ്സാരമായ കാര്യത്തിൽപോലും ഞങ്ങളോടു സമഭാവന പുലർത്തുകയും ഔദാര്യത്തിൽ ഞങ്ങളോടു ഇത്രയേറെ ധാരാളിത്തം കാട്ടുകയും ചെയ്യുന്ന ഇതുപോലൊരു ജനതയെ ഞങ്ങൾ കണ്ടിട്ടേ ഇല്ല. തൊഴിലിൽ അവർ ഞങ്ങളെ പങ്കാളികളാക്കുകയും ഞങ്ങളുടെ ജീവിതഭാരം ഏറ്റെടുക്കുകയും ചെയ്തു. എല്ലാ പുണ്യവും അവർ കൈയടക്കിയേക്കുമോ എന്നാണ് ഞങ്ങളുടെ ആശങ്ക."

ഈ സാഹോദര്യ സഖ്യത്തിലൂടെ അനുയായികൾക്ക് അന്തസ്സുറ്റ ജീവിതം നയിക്കാനുള്ള ഭൗതിക സാഹചര്യം ഒരുക്കിക്കൊടുത്തു പ്രവാചകൻ. ഇതോടൊപ്പം തിരുമേനിയുടെ ശ്രദ്ധ മറ്റൊരു കാര്യത്തിൽകൂടി പതിഞ്ഞു. അന്ന് യസ്‌രിബിലെ (മദീന)കമ്പോളം നിയന്ത്രിച്ചിരുന്നതിൽ ജൂത ഗോത്രങ്ങൾക്ക് നല്ല പങ്കുണ്ടായിരുന്നു. ജൂതന്റെ പര്യായം തന്നെയായി മാറിയ സാമ്പത്തിക ചൂഷണത്തിൽനിന്ന് മുക്തി നൽകാൻ മുസ്‌ലിംകളുടേതായ ഒരു കമ്പോളം സ്ഥാപിക്കുകകൂടി ചെയ്തു പ്രവാചകൻ.

## അഞ്ചാം പത്തികളോടുള്ള സമീപനം

മദീനയിൽ പ്രവാചകന് അഭിമുഖീകരിക്കേണ്ടിവന്ന ഭീഷണികളിലൊന്നായിരുന്നു കപടവിശ്വാസികൾ (മുനാഫിഖുകൾ). മുസ്‌ലിം വേഷധാരികളായ ഇവർ അവസരം കിട്ടുമ്പോഴൊക്കെ ശത്രുക്കൾക്കുവേണ്ടി ഒറ്റുവേല ചെയ്യുകയായിരുന്നു. അഞ്ചാംപത്തികളായ ഈ ആഭ്യന്തര ശത്രുക്കളെയും വളരെ സമർഥമായാണ് പ്രവാചകൻ നേരിട്ടത്. അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ ആയിരുന്നു ഇവരുടെ നേതാവ്. പ്രവാചകന്റെ ആഗമനത്തിനു മുമ്പ് ഇയാളെ നേതാവായി വാഴിക്കാൻ മദീനാവാസികൾ ആലോചിച്ചതാണ്. പക്ഷേ, പ്രവാചകന്റെ ആഗമനത്തോടെ സ്ഥിതിഗതികൾ ആകെ തകിടം മറിഞ്ഞു. ഇസ്‌ലാമിനെ തുരങ്കംവെക്കാൻ ഇയാളെ പ്രേരിപ്പിച്ചത് ഈ രാഷ്ട്രീയ മോഹഭംഗമായിരുന്നു. ഇവരുമായി നേരിട്ടൊരു ഏറ്റുമുട്ടലിന് പ്രവാചകൻ ഒരുമ്പെടുകയുണ്ടായില്ല. ഇസ്‌ലാമിൽ ആത്മാർഥമായി വിശ്വസിച്ചിരുന്നില്ലെങ്കിലും പ്രത്യക്ഷത്തിൽ അവർ മുസ്‌ലിംകളായിരുന്നു. അവരുടെ കടുത്ത ദ്രോഹങ്ങൾ നിരന്തരം അനുഭവപ്പെട്ടപ്പോൾ അവർക്കെതിരെ നടപടിയെടുക്കാൻ അനുയായികൾ പ്രവാചകനോട് അഭ്യർഥിക്കാതെയല്ല. "മുഹമ്മദ് സ്വന്തം അനുയായികളെത്തന്നെ കൊല്ലുന്നു" എന്നുപറയാൻ ജനങ്ങൾക്ക് അവസരമുണ്ടാക്കണ്ട എന്നായിരുന്നു ഇതിന് പ്രവാചകന്റെ പ്രതികരണം. വളർന്നുവരുന്ന ഇസ്‌ലാമിക രാഷ്ട്രീയ ശക്തിക്ക് മുമ്പിൽ ക്രമത്തിൽ ഈ കുമിളകൾ സ്വയം പൊട്ടിത്തകരുമെന്ന് പ്രവാചകൻ കണ്ടിരുന്നു. സംഭവിച്ചതും അതുതന്നെ.

മദീനയിൽ രാഷ്ട്രീയമായ സ്ഥിരത നിലവിൽ വന്നതോടെ പ്രവാചകൻ മക്കയിലേക്കുള്ള യാത്രയെക്കുറിച്ച് ചിന്തിച്ചു തുടങ്ങി. ആയുധങ്ങളൊന്നുമെടുക്കാതെ കഴിയുന്നത്ര ഖബീലകളെ കൂടെക്കൂട്ടിക്കൊണ്ടു അതൊരു ഹജ്ജ് തീർഥാടനമാക്കിയത് പ്രവാചകന്റെ സമർഥമായ രാഷ്ട്രീയ കരുനീക്കമായിരുന്നു. പ്രവാചകന്റെയും അനുയായികളുടെയും മക്കാ പുനഃപ്രവേശം ഖുറൈശികൾ തടയുമെന്നതിൽ സംശയമുണ്ടായിരുന്നില്ല. എന്നാൽ, ഹജ്ജ് തീർഥാടനം മുഴുവൻ അറബികളും പങ്കിടുന്ന പുണ്യകർമമാണ്. അത് തടയപ്പെട്ടാൽ മറ്റ് ഗോത്രങ്ങളുടെ അനുഭാവം ഖുറൈശികൾക്ക് നഷ്ടപ്പെടുമെന്ന് തീർച്ച. ഖുറൈശികളുടെ എതിർപ്പിന് ധാർമികമായ നിലനിൽപില്ലാതാക്കുകയായിരുന്നു പ്രവാചകന്റെ ഉന്നം. അതിലദ്ദേഹം തീർത്തും വിജയിക്കുകയും ചെയ്തു. പ്രത്യക്ഷത്തിൽ മുസ്‌ലിംകൾക്ക് പരാജയമാണെന്ന് തോന്നുന്ന ഹുദൈബിയ സന്ധിയിൽ ഒപ്പു വെച്ച ശേഷമാണ് പ്രവാചകൻ മടങ്ങിയതെങ്കിലും പ്രവാചകന്റെ രാഷ്ട്രീയമായ ഉൾക്കാഴ്ച തെളിയിച്ചുകൊണ്ടു മക്കാ വിജയത്തിലാണ് പിന്നീട് ആ സന്ധി കലാശിച്ചത്. സന്ധിയുടെ ഇടക്കാലത്ത് നിശ്ശബ്ദമായ കരുനീക്കങ്ങളിലൂടെ മക്കക്കാരുടെ കൊമ്പൊടിക്കാൻ പ്രവാചകന് സാധിച്ചു. അബ്ബാസ്, ഖാലിദ് തുടങ്ങിയ പ്രമുഖരെ വശപ്പെടുത്തുന്നതിൽ ഇതിനിടെ പ്രവാചകൻ വിജയിക്കുകയുണ്ടായി. രക്തച്ചൊരിച്ചിലിന് ഇടം നൽകാതെ മക്ക കീഴടക്കിയ പ്രവാചകൻ അപ്പോഴും രാഷ്ട്രീയമായ പ്രായോഗിക ബുദ്ധി പ്രകടിപ്പിച്ചു. വീടുകളിൽ അടച്ചിരിക്കുന്നവർക്കും കഅ്ബയിൽ പ്രവേശിക്കുന്നവർക്കുമൊപ്പം അബൂസുഫ്‌യാന്റെ വീട്ടിൽ പ്രവേശിച്ചവർക്കും തിരുമേനി അഭയം പ്രഖ്യാപിച്ചു. അക്കാലമത്രയും ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ കൊടിയ പകയുമായി നടന്നിരുന്ന വ്യക്തിയാണ് അബൂസുഫ്‌യാൻ എന്ന്

**ആധുനിക പൗരത്വ സങ്കൽപം വളരെ മുമ്പുതന്നെ പ്രവാചകൻ യസ്‌രിബിൽ നടപ്പിലാക്കി കാണിച്ചു. ജൂതന്യൂനപക്ഷങ്ങൾക്ക് പൂർണമായി വിശ്വാസ സ്വാതന്ത്ര്യവും അനുഷ്ഠാന സ്വാതന്ത്ര്യവും ഉറപ്പുനൽകുന്നതായിരുന്നു ഈ ഭരണഘടന എന്നതും പ്രത്യേകം എടുത്തോതേണ്ടതുണ്ട്. എല്ലാ തർക്കങ്ങളുടെയും അന്തിമ വിധിതീർപ്പ് പ്രവാചകനായിരിക്കുമെന്നും അതിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. ഇസ്‌ലാമിന്റെ രാഷ്ട്രീയമേൽക്കോയ്മ ഉറപ്പുവരുത്തുകയായിരുന്നു പ്രവാചകൻ ഇതിലൂടെ.**

ഓർക്കണം. അങ്ങനെയുള്ള ഒരു കൊടിയ ശത്രുവിനെ ചതച്ചരക്കാൻ പാകത്തിൽ കൈയിൽ കിട്ടിയിട്ടും ഇത്തരമൊരു ബഹുമതി നൽകാൻ അസാമാന്യമായ രാഷ്ട്രീയ പാടവമുള്ള ഒരാൾക്കേ സാധിക്കൂ. ഇനിയുമൊരിക്കൽ തല ഉയർത്താനാകാത്തവിധം ഇത് അബൂസുഫ്‌യാനിൽ സൃഷ്ടിക്കുന്ന ജാള്യത ഊഹിക്കാവുന്നതേയുള്ളൂ. അബൂസുഫ്‌യാന്റെ വധത്തേക്കാളുപരി അദ്ദേഹത്തിന്റെ കൂറുമാറ്റം ബഹുജനങ്ങളിൽ സൃഷ്ടിക്കുന്ന പ്രതികരണത്തിലായിരുന്നു പ്രവാചകന്റെ ദൃഷ്ടി.

**പ്രവാചകനും അനുയായികൾക്കുമിടയിൽ നിലനിന്നിരുന്നത് പോലെ അത്രയും ശക്തമായ സ്നേഹവിശ്വാസബന്ധങ്ങൾ മറ്റൊരു നേതാവിനും അനുയായികൾക്കുമിടയിൽ കാണപ്പെടുക പ്രയാസം. ഹുദൈബിയാ സന്ധികാലത്ത് പ്രവാചകന്റെ പാളയം സന്ദർശിച്ച ശത്രുപക്ഷത്തു നിന്നുള്ള ഒരാൾ ഖുറൈശികൾക്ക് നൽകിയ റിപ്പോർട്ടിൽ ആ സ്നേഹബന്ധത്തിന്റെ പാരമ്യം വർണിക്കുന്നുണ്ട്. ഇത്തരമൊരു ജനതയെ പരാജയപ്പെടുത്താൻ കഴിയുമെന്ന കണക്കുകൂട്ടലിന്റെ മൗഢ്യവും അയാൾ ചൂണ്ടിക്കാട്ടുകയുണ്ടായി.**

## ജനകീയ നേതാവ്

പ്രബോധനം ചെയ്യുന്ന ആദർശങ്ങൾ ശരിയാംവിധം നടപ്പിലാക്കാൻ കഴിയുക. ഓരോ സംഭവവികാസവും ജാഗ്രതയോടെ വീക്ഷിക്കാനും ഒട്ടും പതർച്ചകൂടാതെ രാഷ്ട്രീയമായി ആഞ്ഞടിക്കാനും കഴിയുക. ദീർഘകാലം ഗ്യാരണ്ടിയോടുകൂടിയ ഉറച്ച ഭരണകൂടം കെട്ടിപ്പടുക്കാൻ കഴിയുക, അനുയായികളെ അച്ചടക്കമുള്ള അണികളാക്കിത്തീർക്കുക. അനുയായികൾക്കും നേതൃത്വത്തിനുമിടയിൽ പൂർണ വിശ്വാസമുണ്ടായിരിക്കുക, അവരുടെ ബുദ്ധിപരവും ശാരീരികവുമായ യോഗ്യതകൾ മനസ്സിലാക്കി പ്രസ്ഥാനത്തിനുവേണ്ടി അവ പൂർണമായും ഉപയോഗപ്പെടുത്തുകയും ഓരോരുത്തരെയും യഥായോഗ്യമായ സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുകയും ചെയ്യുക – ഇതൊക്കെയാണ് വിജയകരമായ രാഷ്ട്രീയ നേതൃത്വത്തിന്റെ ഗുണങ്ങളെങ്കിൽ അതൊക്കെയും പ്രവാചകനിൽ പൂർണമായി കാണപ്പെട്ടിരുന്നു. പ്രവാചകനും അനുയായികൾക്കുമിടയിൽ നിലനിന്നിരുന്നത് പോലെ അത്രയും ശക്തമായ സ്നേഹവിശ്വാസബന്ധങ്ങൾ മറ്റൊരു നേതാവിനും അനുയായികൾക്കുമിടയിൽ കാണപ്പെടുക പ്രയാസം. ഹുദൈബിയാ സന്ധികാലത്ത് പ്രവാചകന്റെ പാളയം സന്ദർശിച്ച ശത്രുപക്ഷത്തു നിന്നുള്ള ഒരാൾ ഖുറൈശികൾക്ക് നൽകിയ റിപ്പോർട്ടിൽ ആ സ്നേഹബന്ധത്തിന്റെ പാരമ്യം വർണിക്കുന്നുണ്ട്. ഇത്തരമൊരു ജനതയെ പരാജയപ്പെടുത്താൻ കഴിയുമെന്ന കണക്കുകൂട്ടലിന്റെ മൗഢ്യവും അയാൾ ചൂണ്ടിക്കാട്ടുകയുണ്ടായി. ബദ്ർയുദ്ധ സന്നാഹത്തിനിടയിൽ സഅ്ദുബ്നു ഉബാദ പ്രവാചകനോടു പറയുന്നു: "എന്റെ ജീവൻ ആരുടെ കൈയിലാണോ അവൻ സത്യം, കടലിൽ എടുത്തുചാടാൻപോലും അങ്ങ് ഞങ്ങളോട് കൽപിച്ചാൽ ഞങ്ങളതിന് ഒട്ടും മടിക്കുകയില്ല."

പ്രവാചകന് ശുശ്രൂഷകൾ നൽകിപ്പോന്നിരുന്ന സൈദിന്റെ കഥ നോക്കൂ. അഛനമ്മമാരുടെ സ്നേഹവാത്സല്യത്തിൽനിന്ന് ബാല്യം തട്ടിയെടുക്കപ്പെട്ട് അടിമയായി പ്രവാചക പത്നി ഖദീജയുടെ അടുക്കലെത്തിയ സൈദ് ശിഷ്ടകാലം നബി കുടുംബത്തിലാണ് കഴിഞ്ഞത്. വർഷങ്ങൾക്ക് ശേഷം സൈദിന്റെ അച്ഛനമ്മമാർ തങ്ങളുടെ പ്രിയ മകനെ തെരഞ്ഞ് മക്കയിലെത്തുന്നു. അവരോടൊപ്പം പോകാൻ പ്രവാചകൻ സൈദിന് സ്വാതന്ത്ര്യം നൽകിയെങ്കിലും സൈദ് വിസമ്മതിക്കുകയാണുണ്ടായത്. ഇതിനകം തിരുമേനി തന്നെയായിക്കഴിഞ്ഞിരുന്നു സൈദിന്റെ അച്ഛനും അമ്മയുമൊക്കെ.

പ്രവാചകന്റെ സേവകനായിരുന്നു റബീഅ അൽഅസ്‌ലമി. സാമ്പത്തിക ക്ലേശം മൂലം വിവാഹം കഴിക്കാതെ ആ മനുഷ്യൻ തന്റെ സങ്കടം ഒളിച്ചുവെച്ചു കഴിയുകയായിരുന്നു. പ്രവാചകൻ അത് സ്വയം കണ്ടെത്തി അദ്ദേഹത്തിന്റെ വിവാഹത്തിനേർപ്പാടു ചെയ്തു കൊടുക്കുന്നു.

വിശപ്പ് സഹിക്കവയ്യാതെ അബൂഹുറയ്റ മദീനയിലെ പള്ളിയിൽനിന്ന് പുറത്തിറങ്ങുന്നു. അബൂബക്കറിനെ കണ്ട അദ്ദേഹം ഒരു ഖുർആൻ സൂക്തത്തിന്റെ വിശദീകരണം തേടുന്ന ഭാവേന അദ്ദേഹത്തിന്റെ പിന്നാലെ കൂടുന്നു. സംസാരിച്ച് ഒപ്പം വീട്ടിലെത്തിയാൽ ആതിഥ്യം ആസ്വദിക്കാമല്ലോ എന്നായിരുന്നു അബൂഹുറയ്റയുടെ മനസ്സിലിരിപ്പ്. പക്ഷേ, അബൂബക്കർ പെട്ടെന്ന് വിശദീകരണം നൽകി പാട്ടിന് പോവുകയാണുണ്ടായത്. തുടർന്ന് ഉമറിനെയാണ് കിട്ടിയത്. അബൂഹുറയ്റ പരീക്ഷണം ആവർത്തിക്കുന്നു. ഫലം പഴയത് തന്നെ! മൂന്നാമതായി ലഭിച്ചത് പ്രവാചകനെയാണ്. തിരുമേനി എന്താണ് ചെയ്തത്? അബൂഹുറയ്റയെ മാത്രമല്ല, പള്ളിയിൽ വിശന്നുകഴിയുന്ന അദ്ദേഹത്തിന്റെ കൂട്ടുകാരെ മുഴുവൻ വിളിച്ചു വീട്ടിൽകൊണ്ടുപോയി വയറുനിറയെ സൽക്കരിക്കുന്നു.

ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ. കുഞ്ഞാടുകളെ ചട്ടുകങ്ങളും ചവിട്ടുപടികളുമാക്കി സ്വാർഥസുഖങ്ങളുടെ ദന്തഗോപുരത്തിലേക്ക് കയറിപ്പോവുന്ന രാഷ്ട്രീയ വാമനന്മാരെവിടെ, അനുയായികളുടെ സ്വകാര്യ ദുഃഖങ്ങൾ പോലും മനസ്സിലാക്കി പങ്കിടുന്ന ഈ മനുഷ്യസ്നേഹിയെവിടെ? ഇങ്ങനെയൊരു നേതാവിനെ അവർ അത്രമേൽ സ്നേഹിച്ചിരുന്നതിൽ അത്ഭുതമുണ്ടോ! ഈത്തപ്പനയോലയുടെ പരുക്കൻ പായയിൽ കിടന്നുറങ്ങിയ പാവങ്ങളുടെ രാജകുമാരാ, അങ്ങയുടെ സ്മരണകളുടെ സുഗന്ധം പൂക്കുന്ന ഹിജാസിലെ സൈകത സമീരണന് അവരുടെ ഹൃദയങ്ങൾ ശ്രുതി മീട്ടുന്നു. ●